**എ.എം.യു.പി സ്കൂൾ ആട്ടീരി**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**(യു.പി)**

# ആമുഖം

സ്വാതന്ത്ര്യപോരാട്ടങ്ങൾ രൂക്ഷമായ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് ആട്ടീരിയുടെ വൈജ്ഞാനിക വികാസത്തിന് വെളിച്ചമേകികൊണ്ട് ഒരു എ.എം.യു.പി സ്കൂൾ നിലവിൽ വന്നത്. ഒരു ജനതയുടെ സർവ്വതോന്മുഖമായ മുന്നേറ്റത്തിൽ നിർണായകമായ പങ്കു വഹിച്ച ആട്ടീരി എ.എം.യു.പി.സ്കൂൾ ഇന്ന് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും മികച്ചു നിൽക്കുന്നു. ആയിരത്തി ഒരു നൂറോളം കുട്ടികളും നാൽപത്തിയഞ്ചിലധികം അധ്യാപകരും ഉള്ള ഈ വിദ്യാലയം പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലെല്ലാം തന്നെ പുതുമയുള്ള പദ്ധതികളുമായി മികവിന്റെ പാതയിലാണ്.

കലാമേളകളിലും കായികമേളയിലും ഉപജില്ലാ ചാമ്പ്യൻഷിപ്പ് നേടിയ ശ്രദ്ധേയമായ ഈ വിദ്യാലയത്തിൽ നിന്നും സംസ്ഥാന കായികമേളയിൽ വരെ പങ്കെടുത്ത കുട്ടികളുണ്ടായിട്ടുണ്ട്. പഠന നിലവാരത്തിലും, അച്ചടക്കത്തിലും ഇന്ന് നാം കൈവരിച്ചിട്ടുള്ള മികവ് മാതൃകാപരമാണ്. **** മറ്റു മത്സര പരീക്ഷകൾ എന്നിവയിൽ നേടിയിട്ടുള്ള വിജയങ്ങൾ ഇതിനു തെളിവാണ്. മാനേജ്മെന്റിന്റെയും, അധ്യാപരുടെയും, രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമം തന്നെയാണ് ഈ നേട്ടങ്ങളുടെയെല്ലാം പിന്നിലുള്ളത്.

# ചരിത്രം

വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശമായിരുന്നു ആട്ടീരി. ഈ പ്രദേശത്ത് അടിസ്ഥാനപരമായ വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി വളരെ കഷ്ടപ്പാടുകൾ സഹിച്ച് പറപ്പൂർ സ്വദേശിയായ വളപ്പിൽ അഹമ്മദ് മുസ്യാർ 1921 ലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. അതേ കാലഘട്ടത്തിൽ തന്നെ പറപ്പൂരിന്റെ വിദ്യാഭ്യാസ പുരോഗതിയിലും അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചു. പറപ്പൂർ ഈസ്റ്റ് (വീണാലുക്കൽ) എ.എം.എൽ.പി സ്കുളിന്റെ മാനേജർ കൂടിയായിരുന്നു ആയിരുന്നു അദ്ദേഹം.

സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിന്നിരുന്ന കോട്ടക്കൽ സ്വദേശി മേലേതിൽ മുഹമ്മദ് സാഹിബ് 1950 ൽ ആട്ടീരി സ്കൂൾ വാങ്ങുകയും നടത്തിക്കൊണ്ടു പോരുകയും ചെയ്തു. പിന്നീട് 1952 ൽ ആട്ടീരി പ്രദേശത്തെ വിദ്യാഭ്യാസ മേഖലയിൽ ഊന്നൽ നൽകി സാമൂഹ്യ രംഗത്ത് പ്രവർത്തിച്ചിരുന്ന തൊട്ടിയിൽ മുൻകുട്ടി മാസ്റ്റർ വാങ്ങിക്കുകയും ചെയ്തു. വളരെ ത്യാഗപൂർണ്ണമായ ശ്രമങ്ങളിലൂടെ സ്ഥാപനത്തെ മുന്നോട്ട് നയിക്കുകയും ചെയ്തു. മതപഠനവും സ്കൂളിൽ വെച്ച് നടത്തിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്.

1970 കാലഘട്ടമായപ്പോഴേക്കും ആട്ടീരി പ്രദേശത്തുകാർ വിദ്യാഭ്യാസ കാര്യങ്ങളിൽ തൽപ്പരർ ആയിക്കഴിഞ്ഞിരുന്നു. വിദ്യാഭ്യാസം സാമൂഹ്യ നന്മക്ക് അനിവാര്യമാണെന്ന ബോധം നാട്ടുകാരിലുണ്ടായി. അതിനാൽ ഈ വിദ്യാലയം ഒരു യു.പി.സ്കൂൾ ആയി ഉയർത്തുന്നതിന് നാട്ടുകാരും അന്നത്തെ പ്രധാന അധ്യാപകനും മാനേജറും ആയിരുന്ന മൂസാൻകുട്ടി മാസ്റ്ററും കൂടി ചേർന്ന് നിരന്തരം സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 1979 ൽ ഇതൊരു യു.പി.സ്കൂളായി മാറുമ്പോൾ ഇവിടെ 636 വിദ്യാർത്ഥികൾ പഠനം നടത്തുകയും 19 അധ്യാപകർ ജോലി ചെയ്യുകയും ചെയ്തിരുന്നു.

1942 മുതൽ കുഞ്ഞഹമ്മദ് മാസ്റ്റർ. ഹസ്സൻകുട്ടി മാസ്റ്റർ, ടി.എ ബഷീർ മാസ്റ്റർ, മുഹമ്മദ് കുഞ്ഞിമാസ്റ്റർ, റസിയ ടീച്ചർ, മീന ടീച്ചർ എന്നിവർ ഈ സ്ഥാപനത്തിൽ പ്രധാന അധ്യാപകരായി ചുമതല വഹിച്ചു. നിലവിൽ മാസ്റ്റർ ആണ് ഈ സ്ഥാപനത്തിന്റെ പ്രധാന അധ്യാപകനായി സേവനമനുഷ്ഠിക്കുന്നത്. ആരംഭ കാലം മുതൽ തന്നെ മികച്ച

സൗകര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | എ.എം.യു.പി.സ്കൂൾ, ആട്ടീരി |
| 2 | വിലാസം | ആട്ടീരി, പുത്തൂർ പി.ഒ, കോട്ടക്കൽ |
| 3 | ഫോൺ | 04832740041 |
| 4 | സ്കൂൾ കോഡ് | 19861 |
| 5 | വിദ്യാഭ്യാസ ഉപജില്ല | വേങ്ങര |
| 6 | വിദ്യാഭ്യാസ ജില്ല | തിരൂരങ്ങാടി |
| 7 | റവന്യൂ ജില്ല | മലപ്പുറം |
| 8 | ബി.ആർ.സി | വേങ്ങര |
| 9 | സി.ആർ.സി | ഒതുക്കുങ്ങൽ |
| 10 | വില്ലേജ് | ഒതുക്കുങ്ങൽ |
| 11 | ഗ്രാമപഞ്ചായത്ത് | ഒതുക്കുങ്ങൽ |
| 12 | ഗ്രാമ പഞ്ചായത്ത് വാർഡ് | 17–ആട്ടീരി |
| 13 | ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം |
| 14 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | 13– ഒതുക്കുങ്ങൽ |
| 15 | ജില്ല പഞ്ചായത്ത് | മലപ്പുറം |
| 16 | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | ഒതുക്കുങ്ങൽ |
| 17 | നിയമ സഭാ മണ്ഡലം | വേങ്ങര |
| 18 | ലോക സഭാ മണ്ഡലം | മലപ്പുറം |
| 19 | താലൂക്ക് | തിരൂരങ്ങാടി |
| 20 | ഇ.മെയിൽ | amupsatteeri@gmail.com |

# നിലവിലെ സാഹചര്യങ്ങൾ

കാലോചിതമായ ഭൗതിക സൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കിയെടുക്കുന്നതിന് ഈ സ്ഥാപനത്തെ നയിച്ച മാർഗ്ഗദർശികൾ സ്കൂളിന്റെ ആരംഭ കാലം മുതൽ ശ്രദ്ധിച്ചിട്ടുണ്ട്.

1921 ലെ ഓലഷെഡ്ഡിൽ നിന്നും ഓടിട്ട കെട്ടിടങ്ങളിലേക്കും തുടർന്ന് മികച്ച സൗകര്യങ്ങൾ ഉള്ള കോൺക്രീറ്റ് കെട്ടിടങ്ങളിലേക്കും മാറാൻ സാധിച്ചിട്ടുണ്ട്.

ആധുനിക സൗകര്യങ്ങളോടും കൂടിയ കമ്പ്യൂട്ടർ ലാബ്, പ്രൊജക്ടർ സംവിധനം, ഇരുപതോളും കമ്പ്യൂട്ടറുകൾ, നാല് ലാപ്ടോപ്പുകൾ എന്നിവകളിലൂടെ പഠനം രസകരവുമാക്കാൻ സാധിക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് വായനമൂലകൾ, ലബോറട്ടറി എന്നിവ സജീവമാണ്.

വിദ്യാരംഗം കലാസാഹിത്യ വേദി, സയൻസ് ക്ലബ്, ഗണിത ക്ലബ്, ജി.കെ. ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, ഉറുദു ക്ലബ്, അറബിക് ക്ലബ്, പരിസ്ഥിതി ക്ലബ്, ഹെൽത്ത് ക്ലബ് തുടങ്ങി എല്ലാ ക്ലബുകളിലും സജീവമായി പ്രവർത്തിക്കുന്നു.

2022–23 അധ്യാനവർഷം മുതൽ എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ ഉന്നതവിജയം നേടാൻ സാധിക്കുന്നുണ്ട്. അതിനു വേണ്ടി പ്രത്യേക പരിശീലനം നൽകി വരുന്നു.

അടിസ്ഥാന ശേഷികളിൽ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുവാൻ അവധിദിവസങ്ങളിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. വായന മത്സരം ഉൾപ്പെടെയുള്ള മത്സരപരീക്ഷകളിൽ ജില്ലാ തലം വരെ പങ്കെടുത്തു വിജയിച്ച കുട്ടികൾ നമുക്കുണ്ടായിട്ടുണ്ട്. വിജ്ഞാനോത്സവ പരീക്ഷകളിൽ നിരവധി തവണ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നേടാനായിട്ടുണ്ട്.

2022–23 വർഷത്തെ ഉപജില്ലാ കായിക മേളയിൽ എൽ.പി, യു.പി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും ഉപജില്ലാ തലത്തിൽ എൽ.പി. രണ്ടാം സ്ഥാനവും ആട്ടീരി സ്കൂൾ നേടി.

സംസ്ഥാന കായിക മേളയിൽ ലോങ്ജമ്പിൽ സ്കൂളിനെ പ്രതിനിധീകരിച്ച് കുട്ടികളെ പങ്കെടുപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

എല്ലാ മേഖലകളിലും ഇനിയും ഏറെ നേട്ടങ്ങൾ കൈവരിക്കുന്നതിനായി മാനേജ്മെന്റ്, പ്രധാനാ അദ്ധ്യാപകർ, പി.ടി.എ, എം.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി. എന്നിവർ ഒറ്റക്കെട്ടായി നിൽക്കുന്നു എന്നതാണ് എല്ലാ നേട്ടങ്ങളുടെയും പിൻബലം.

വിവിധ മേഖലകളിൽ നിറഞ്ഞു നിൽക്കുന്ന പൂർവ്വവിദ്യാർത്ഥി സമൂഹം ഞങ്ങൾക്ക് പ്രചോദനമായി നിൽക്കുന്നു. 2022-23 ൽ 100 -ാം വാർഷികത്തിൽ നൂറിനപരിപാടികൾ നടത്തി ജനശ്രദ്ധയാകർഷിക്കാൻ നമ്മുടെ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികെ അതിജീവിക്കാൻ വൈജ്ഞാനികമായും മാനസികമായും ധാർമ്മികമായും കൈൽപ്പുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നചിന് സഹായമാകുന്ന ഒരു പദ്ധതി രൂപീകരിക്കുക എന്നതാണ് ഞങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം വെക്കുന്നത്.
- ജനാധിപത്യ മതേതര ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചരിത്രവും പാരമ്പര്യവും ഉയർത്തിപ്പിടിച്ച് രാജ്യ നന്മക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന തലമുറയെ വളർത്തിയെടുക്കാനും ഞങ്ങൾ ലക്ഷ്യമിടുന്നു.
- ICT ഉൾപ്പെടെ അത്യാധുനുക സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി എല്ലാ കുട്ടികളെയും മികവിന്റെ പാതയിലേക്ക് എത്തിക്കാനും ലക്ഷ്യമിടുന്നു.
- ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ ശേഷികൾ മികവുറ്റതാക്കുക
- ഭിന്ന ശേഷിക്കാരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.
- ഗവേഷണാത്മക പഠനത്തിനും അധ്യാപനത്തിനും അവസരമൊരുക്കുക.

- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന് ലക്ഷ്യം സാധ്യമാക്കുക
- ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ മെച്ചപ്പെടുത്തുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിന് പരമാവധി പ്രവർത്തനങ്ങൾ ഏർപ്പെടുക.
  (ഓണാഘോഷം, വാർഷികം, ശില്പശാലകൾ, മേളകൾ)
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
  (പുരാവസ്തു പ്രദർശനം, ഫീൽഡ് ട്രിപ്പ് തുടങ്ങിയവ)
- വായന പരിപോഷിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി സ്കൂൾ, ലൈബ്രറി, വായനശാല എന്നിവ പരമാവധി പ്രയോജനപ്പെടുത്തുക.
- കുട്ടികൾ ഗൈഡൻസ്, കൗൺസിലിൻ സൗകര്യങ്ങൾ ഒരുക്കുക.
- മാലിന്യ സംസ്ക്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

# എ എം യു പി എസ് ആട്ടീരി (UP അറബിക് ) അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

CLASS:7

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | സാമ്പത്തികം | |
|---|---|---|---|---|---|
| > 1. അറബിക് അക്ഷരങ്ങളെ പരിചയപ്പെടൽ<br>2.വായന രീതി എഴുത്തു രീതി എന്നിവ മനസ്സിലാക്കൽ<br>3.വാക്യങ്ങൾ അറബിക് നിയമങ്ങൾക്കനുസരിച്ച പ്രയോഗിക്കൽ | മുന്നറിവ് പരിശോധിക്കൽ, അക്ഷരങ്ങൾ വ്യക്തമാക്കൽ, വാചകങ്ങൾ നിർമ്മിക്കൽ ,ചോദ്യോത്തരങ്ങൾ കണ്ടെത്തൽ പദകേളികൾ, പദപയറ്റുകൾ, വാക്യപൂരണം .അറബിക് ഗ്രാമർ പ്രയോഗ രീതി | ജൂൺ ജൂലൈ ആഗസ്റ്റ്<br>ജൂൺ-മാർച്ച് | CPTA | PTA | |
| 4. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദ ശേഖരണം, ഉപചാര വാക്കുകൾ മനസ്സിലാക്കൽ, കഥ, കവിത, പ്രസംഗം ,,കത്ത് നിവേദനം സമർപ്പിക്കൽ, ബയോഡാറ്റ പൂരിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളെ പരിചയപ്പെടൽ | വായന<br>വായന കുറിപ്പുകൾ<br>ഉച്ചാരണ ശുദ്ധിയോടെയുള്ളഅക്ഷര വായന,ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വായന മത്സരം | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | CPTA | ARABIC TEACHERS | |
| 5. സർഗാത്മകകഴിവുകളെ കണ്ടെത്തി സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കൽ<br>6.മാഗസിൻ നിർമ്മിക്കൽ<br>7.ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ | ഐസിടി ഉപയോഗം, സർഗാത്മക കഴിവുകളെ കണ്ടെത്തൽ രക്ഷിതാവിന്റെ സഹായത്താൽ കുട്ടിക്കുള്ള പരിശീലനം, വീടുകളിൽ ഓൺലൈൻവഴിപരിശീലനം. ദിനാചരണ പ്രത്യേകതകൾ, ഐസിടി ഉപയോഗം ,ദിനാചരണ പ്രശ്നോത്തരി | ജൂൺ-മാർച്ച് | കലോത്സവ വേദികൾ അസംബ്ലി | PTA | |

# എ എം യു പി എസ് ആട്ടീരി (UP അറബിക് ) അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

CLASS:7

| | | | | |
|---|---|---|---|---|
| | അറബിക് അസംബ്ലി,ഓരോ ദിനാചരണത്തിന്റെ ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും<br>അതോടനുബന്ധിച്ച ക്വിസ് മത്സരം<br>നടത്തുകയും ചെയ്യുന്നു | ജൂൺ-മാർച്ച് | | |
| 8) ഭിന്നശേഷി വിദ്യാർഥികളെ പരിപോഷിക്കുന്നത് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു | വ്യത്യസ്തതരം പസിലുകൾ നിറങ്ങൾ നൽകൽ അക്ഷര കാർഡുകൾ വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് | കളറുകൾ ചാർട്ട് പേപ്പറുകൾ വിവിധ പസിലുകൾ | രക്ഷിതാക്കൾ അധ്യാപകർ |

## എ എം യു പി സ്കൂൾ ആട്ടീരി (യുപി) അറബിക് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### ക്ലാസ് 6

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികളും ഭാഷയിലെ അക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി അത് പ്രയോഗിക്കാൻ സാധിക്കുക. | 1) ടെസ്റ്റുകൾ നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുക അവർക്ക് ആവശ്യമായ പരിഗണനകൾ നൽകി എഴുതാനും വായിക്കാനും പരിപോഷിപ്പിക്കുക. | മൂന്നുമാസം | പുസ്തകങ്ങൾ കാർഡുകൾ | ARABIC TEACHERS |
| 2) അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് വർദ്ധിപ്പിക്കുക. | 2) ആഴ്ചയിൽ ഒരിക്കൽ പാഠപുസ്തകങ്ങളിലെ വാക്കുകൾ പദങ്ങൾക്കും പുറമേ അഞ്ചു വാക്കുകൾ അറബിക്കഥ കവിത പുസ്തകങ്ങൾ ശേഖരിക്കുവാൻ സാഹചര്യം ഒരുക്കുക ലഘു സംഭാഷണങ്ങൾ ചിത്രീകരിക്കുക എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കുകയും സമ്മാനം നൽകുകയും ചെയ്യാം. | JUNE to MARCH | BOOK, CHART, ICT | P T A |
| 3) കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | 3) കഥകൾ കവിതകൾ പദപ്പയറ്റ് സംഭാഷണം യാത്രാവിവരണം ഡയറിക്കുറിപ്പുകൾ ചിത്രങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന മാഗസിൻ ഡിജിറ്റൽ മാഗസിനും തയ്യാറാക്കുക. | JUNE to MARCH | BOOK, CHART, ICT | P T A |
| 4) ഓരോ മാസവും അറബി വായനയും ഭാഷാശേഷി വർദ്ധിപ്പിക്കുവാനും | 4) മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരങ്ങൾ കൈ എഴുത്ത് മത്സരങ്ങൾ എന്നിവ സമ്മാനം കൊടുക്കുക | JUNE to MARCH | BOOK, CHART, ICT | |

## എ എം യു പി സ്കൂൾ ആട്ടീരി (യുപി) അറബിക് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### ക്ലാസ് 6

| | | | | |
|---|---|---|---|---|
| കുട്ടികളിൽ താല്പര്യമുണ്ടാക്കും. | പ്രൊജക്ടർ ഉപയോഗിച്ച് പാഠപുസ്തകവുമായി ബന്ധപ്പെട്ട് അറിവുകൾ ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുക. | | | |
| 5) അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തിക്കുക. | 5) ഓരോ യൂണിറ്റിനും അതിൻറെ ആശയങ്ങൾ അതിലെ അർത്ഥങ്ങളും എഴുതി പിഡിഎഫ് രൂപത്തിലേക്ക് കുട്ടികൾക്ക് നൽകുക. | 6 MONTHS | BOOK, CHART, ICT | ARABIC TEACHERS |
| 6) കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കാനും അവരുടെ ശേഷികൾ കണ്ടെത്താനും സഹായിക്കുക. | 6) സ്കൂൾ റേഡിയോയിലൂടെ അറബി ഗാനം പദ്യങ്ങൾ അവതരിപ്പിക്കുക. | 1 YEAR | | |
| 7) അറബി ഭാഷയിൽ കുട്ടികളുടെ ഡിജിറ്റൽ മേഖലയിൽ കഴിവുണ്ടാക്കുക | 7) അറബി ടൈപ്പിംഗ് | 6 MONTHS | COMPUTER LAB | ARABIC TEACHERS |

| | | | | |
|---|---|---|---|---|
| ഉൾച്ചേർന്ന വിദ്യാഭ്യാസം<br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | വ്യത്യസ്ത തരം പസ്സിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തനങ്ങൾ | 1 അധ്യയന വർഷം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ | രക്ഷിതാക്കൾ, അധ്യാപകർ |

# എ എം യു പി എസ് ആട്ടീരി (UP അറബിക് ) അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

CLASS:5

| ലക്ഷ്യങ്ങൾ > | പ്രവർത്തനങ്ങൾ > | സമയം ജൂൺ ജൂലൈ ആഗസ്റ്റ് | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | സാമ്പത്തികം |
|---|---|---|---|---|
| 1). അറബിക് അക്ഷരങ്ങളെ പരിചയപ്പെടൽ<br><br>2.വായന രീതി എഴുത്തു രീതി എന്നിവ മനസ്സിലാക്കൽ<br><br>3.വാക്യങ്ങൾ അറബിക് നിയമങ്ങൾക്കനുസരിച്ച പ്രയോഗിക്കൽ | മുന്നറിവ് പരിശോധിക്കൽ, അക്ഷരങ്ങൾ<br><br>വ്യക്തമാക്കൽ, പദസമ്പത്ത്<br><br>,അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ വാചകങ്ങൾ നിർമ്മിക്കൽ ,ചോദ്യോത്തരങ്ങൾ കണ്ടെത്തൽ | <br><br><br>ജൂൺ-മാർച്ച് | CPTA | PTA |
| 4. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദ ശേഖരണം, ഉപചാര വാക്കുകൾ മനസ്സിലാക്കൽ, കഥ, കവിത, പ്രസംഗം ..കത്ത്, നിവേദനംസമർപ്പിക്കൽ, ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കൽ, ബയോഡാറ്റ പൂരിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളെ പരിചയപ്പെടൽ | പദകേളികൾ, പദപയറ്റുകൾ, വാക്യപൂരണം .അറബിക് ഗ്രാമർ പ്രയോഗ രീതി വായന<br><br>വായന കുറിപ്പുകൾ<br><br>ഉച്ചാരണ ശുദ്ധിയോടെയുള്ളഅക്ഷര വായന,ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വായന മത്സരം | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | CPTA | ARABIC TEACHERS |
| 5. സർഗാത്മകകഴിവുകളെ കണ്ടെത്തി സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കൽ<br><br>6.മാഗസിൻ നിർമ്മിക്കൽ<br><br>7.ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ | ഐസിടി ഉപയോഗം, സർഗാത്മക കഴിവുകളെ കണ്ടെത്തൽ രക്ഷിതാവിന്റെ സഹായത്താൽ കുട്ടിക്കുള്ള പരിശീലനം, വീടുകളിൽ<br><br>ഓൺലൈൻവഴിപരിശീലനം. ദിനാചരണ പ്രത്യേകതകൾ, ഐസിടി ഉപയോഗം | ജൂൺ-മാർച്ച് | കലോത്സവ വേദികൾ അസംബ്ലി | PTA |

CLASS:5

| | | | | |
|---|---|---|---|---|
| | ദിനാചരണ പ്രശ്നോത്തരി<br><br>അറബിക് അസംബ്ലി,ഓരോ ദിനാചരണത്തിന്റെ ഭാഗമായി അറബിയിലുള്ള<br><br>ജൂൺ-മാർച്ച്<br><br>പ്ലക്കാർഡുകൾ ഉണ്ടാക്കുകയും അതോടനുബന്ധിച്ച ക്വിസ് മത്സരം നടത്തുകയും ചെയ്യുന്നു . | | | |
| 8) ഭിന്നശേഷി വിദ്യാർഥികളെ പരിപോഷിക്കുന്നത് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു | വ്യത്യസ്തതരം പസിലുകൾ നിറങ്ങൾ നൽകൽ അക്ഷര കാർഡുകൾ വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് | കളറുകൾ ചാർട്ട് പേപ്പറുകൾ വിവിധ പസിലുകൾ | രക്ഷിതാക്കൾ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ ക്ലാസ്സ് - 7

## മലയാളം

### ആമുഖം

പുതിയ പാഠ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഭാഷാ പഠനരീതി മൂല്യനിർണ്ണയം തുടങ്ങിയവയിൽ ഗുണകരമായ ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഭാഷാശേഷികൾക്കൊപ്പം സർഗ്ഗാത്മക വികസനവും സാധ്യമാക്കുന്നതിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്നതാണ് നാം ലക്ഷ്യമാക്കുന്നത്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളുള്ളതുമായ പ്രവർത്തനങ്ങളാണ് ഇവിടെ ആസൂത്രണം ചെയ്തിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ

ജൂൺ - എന്റെ അവധിക്കാലം
ഇഷ്ടതാരങ്ങൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നു (കഥ, കവിത ലേഖനം etc)
അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിക്കുന്നു ആസ്വദിക്കുന്നു.
പ്രകൃതിയെ ആസ്വദിക്കാനും സ്നേഹിക്കാനുമുള്ള മനോഭാവം വളർത്തുന്നു

ജൂലൈ - അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കൽ
വാക്യങ്ങളിൽ നിന്ന് കുറിപ്പിലേക്ക്.
വിവരണം തയ്യാറാക്കൽ

ആഗസ്റ്റ് - പത്രം, മാസികകൾ ആഴ്ചപ്പതിപ്പുകൾ മുതലായവ വായിച്ച് പ്രതികരിക്കാൻ അവസരം.
വാർത്തകൾ തയ്യാറാക്കൽ, വാർത്താവായന.
ഡിജിറ്റൽ പത്രം തയ്യാറാക്കൽ

സെപ്തംബർ - ആനുകാലിക സംഭവങ്ങളെയും ചിത്രങ്ങളെയും പുസ്തകങ്ങളെയും ആസ്പദമാക്കി ക്വിസ് മത്സരങ്ങൾ
വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കൽ, വിഷയങ്ങൾക്കനുയോജ്യമായി ചിത്രങ്ങൾ വരക്കൽ

ഒക്ടോബർ - വിവിധ വിഷയങ്ങളിൽ പോസ്റ്റർ നോട്ടീസ് മുതലായവ തയ്യാറാക്കൽ
ഉപന്യാസം തയ്യാറാക്കൽ
കാഴ്ചാനുഭവങ്ങൾ വർണ്ണിക്കൽ

നവംബർ : കഥ കവിത മുതലായവ വായിച്ച് ആസ്വദിക്കുകയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു

ഡിസംബർ : രചനകൾ തയ്യാറാക്കുകയും എഡിറ്റ് ചെയ്യുകയും ചെയ്യുന്നു

ജനുവരി : സർഗ്ഗാത്മക രചനകളിലെ വർണ്ണനകൾ വിശകലനം ചെയ്യുകയും സമാനമായ വിവിധയിനം കാഴ്ചകളെ കുറിച്ച് ആകർഷകമായും ആലങ്കാരികമായ ഭാഷ ഉൾപ്പെടുത്തിയും രചനകൾ തയ്യാറാക്കുന്നു

## അക്കാദമിക മാസ്റ്റർ പ്ലാൻ - class 5

### മലയാളം

| ലക്ഷ്യങ്ങൾ:- | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പരിശീലനങ്ങൾ ഉറപ്പാക്കുക. | അവധിക്കാല അനുഭവങ്ങൾ, യാത്രാനുഭവങ്ങൾ, മറ്റ് രസകരമായ സംഭവങ്ങൾ എന്നിവ വിവിധ വ്യവഹാര രൂപങ്ങളിലൂടെ - ഡയറി, അനുഭവക്കുറിപ്പുകൾ അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| | • ഭാഷാ കേളികൾ. അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. നിർദ്ദേശിക്കപ്പെട്ട ആശയവുമായി ബന്ധപ്പെട്ട പദങ്ങൾ ഉപയോഗിച്ച് പദപ്പയറ്റ് നിർമ്മിക്കുന്നു. ആ വാക്കുകൾ കൊണ്ട് വാക്യങ്ങൾ നിർമ്മിക്കുന്നു. | ജൂലൈ | |
| അർത്ഥപൂർണമായ വായന വികസിപ്പിക്കുക. | ദൈനംദിന പത്രവായന, ആഴ്ചപ്പതിപ്പുകൾ, മാസികകൾ എന്നിവ വായിച്ച് ഗ്രഹണ ശേഷി ഉണർത്തി വായന മെച്ചപ്പെടുത്തുന്നു. ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്നു. വായനാമത്സരങ്ങൾ നടത്തുന്നു. | എല്ലാ ദിവസവും<br>എല്ലാ മാസവും. | |
| സർഗ്ഗാത്മക ശേഷി വികസനം. | കഥാരചന, കവിതാരചന. ശില്പശാലകൾ സംഘടിപ്പിക്കൽ, കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ചുള്ള മാഗസിൻ നിർമ്മാണം. | വർഷം മുഴുവൻ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| കലാവാസനകളെ പരിപോഷിപ്പിക്കൽ. | വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചിത്രരചന, നാടകം, സ്കിറ്റ്, കാവ്യാലാപനം എന്നിവയ്ക്ക് അവസരം നൽകുന്നു. സ്കൂൾ അസംബ്ലി, സ്കൂൾ റേഡിയോ എന്നിവയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. കലാകാരന്മാരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തുന്നു. | രണ്ടാം ടേം. | മലയാളം അധ്യാപകർ |
| ~~[illegible]~~<br>• മലയാളം ടൈപ്പിംഗ് പരിജ്ഞാനവും ~~read~~ ഇ-റീഡിംഗും വളർത്തുന്നതിന്. | മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുക. ഇ-മാഗസിൻ നിർമ്മിക്കുക. ഇ-റീഡിംഗിന് അവസരം നൽകുന്നു. | വർഷം മുഴുവൻ | മലയാളം അധ്യാപകർ IT trainer. |

മേഖല യു.പി. സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 VIth standard

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | 'പുഷ്പ വസന്തം' വിവിധയിനം പൂക്കളെ പരിചയപ്പെടുന്നതിനായി ഒരു പുഷ്പമേള. സ്കൂൾ തലത്തിൽ നടത്തുന്ന പരിപാടിയിൽ പ്രാദേശികയിനം പൂക്കൾക്ക് പ്രാധാന്യം കൊടുക്കുന്നു. | ഓഗസ്റ്റ്–സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ രക്ഷിതാക്കൾ. |
| | 'ഹെർബൽ ഹെവൻ' ഔഷധ സസ്യോദ്യാനം സന്ദർശിക്കൽ. കോട്ടക്കൽ ആര്യവൈദ്യശാലയുടെ കീഴിലുള്ള ഔഷധോദ്യാനം സന്ദർശിക്കൽ - ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |

| | | | | |
|---|---|---|---|---|
| | 'ബിറ്റ് വാട്ട് യു ഈറ്റ്' ഭക്ഷണരീതിയും ജീവിതശൈലീ രോഗങ്ങളും തടയുന്നതിന് ഉള്ള പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള വിദഗ്ദരുമായി സംവദിക്കുന്നു | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി.ടി.എ. |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | 'വിർച്ച്വൽ ടൂർ' – ഒരു വിസ്മയ യാത്ര. ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്. | രക്ഷിതാക്കൾ. |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കുക | 'ലിറ്റിൽ ജീനിയസ്' സ്കൂൾ തലത്തിൽ വിവിധ മോഡലുകൾ നിർമ്മിച്ചു കൊണ്ട് ശാസ്ത്രോത്സവം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ ശാസ്ത്ര ക്ലബ്. | |

| | | | | |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | "മാസ്റ്റർ മൈൻഡ്" ഊർജ്ജ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് | പി.ടി.എ |
| | 'യുറേക്കാ...' കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ പരീക്ഷണക്കിറ്റ് വിതരണം ചെയ്യുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | പി.ടി.എ, സയൻസ് ക്ലബ്ബ് |
| 3. ആരോഗ്യത്തെ പറ്റിയും ജീവിതശൈലി രോഗങ്ങളെക്കുറിച്ചും കുട്ടികളിൽ അവബോധം ഉണർത്തുവാൻ. | 'ഹെൽത്തി ഫുഡ്' ആഹാരത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പോഷകഗുണങ്ങളുള്ള പലഹാരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭക്ഷ്യമേള. | | | |

| | | | | |
|---|---|---|---|---|
| | 'E - Album' വിവിധ സസ്യവിഭാഗങ്ങൾ ജന്തുവിഭാഗങ്ങൾ, മനുഷ്യ ശരീരം തുടങ്ങിയവയുടെ ചിത്രങ്ങളടങ്ങിയ ഡിജിറ്റൽ ആൽബം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | പി.ടി.എ |
| | 'പരീക്ഷണ കളരി' നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുവായ - പരീക്ഷണങ്ങൾ. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്. | പി.ടി.എ |

# Accadamic Master plan Sixth standard English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശദം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കുന്നതിനും സംസാരിക്കുന്നതിനും അവസരം ഒരുക്കുന്നു. | English Assembly<br>കുട്ടികൾ വ്യക്തിഗതമായും ഗ്രൂപ്പുകളായും Thought of the day, skits, Drama, Conversations എന്നിവ അവതരിപ്പിക്കുന്നു. | ഇംഗ്ലീഷ് പിരീഡുകളിൽ | ഇംഗ്ലീഷ് അധ്യാപകൻ. | |
| | AI classroom<br>AI tools ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആശയവിനിമയങ്ങൾ. | മാസത്തിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകൻ. | |
| | Follow me you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ. | |
| | English Waves<br>വായനാവാരവുമായി ബന്ധപ്പെട്ട് | | | |

# Accadamic Master plan Sixth Standard English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | കുട്ടികളുടെ സർഗാത്മകത പോഷിപ്പിക്കുവാൻ അവസരമൊരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് ക്ലബ് | |
| | Literary Debate<br>പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംവാദത്തിന് അവസരമൊരുക്കുന്നു.<br>Reader of the Month<br>ഇംഗ്ലീഷ് പുസ്തകം വായിക്കാൻ അവസരം നൽകി Reader of Month-നെ തിരഞ്ഞെടുക്കുന്നു. | വർഷം മുഴുവൻ. | ഇംഗ്ലീഷ് അധ്യാപകർ. | |
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു. | Writing Relay<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് story, Articles എന്നിവ എഴുതുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | **Grammar scavenger hunt**<br>കുട്ടികൾ grammar structure കണ്ടു പിടിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു | ഇംഗ്ലീഷ് പിരിയഡുകളിൽ. | ഇംഗ്ലീഷ് അധ്യാപകർ | |
| | **The literary lens**<br>കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | **Alert zone**<br>സൂചനാബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അങ്കണത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ. | ഇംഗ്ലീഷ് അധ്യാപകർ. | |

# Accadamic Masterplan sixth standard English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഭാവനാത്മ വായന പരിശീലിപ്പിക്കുന്നു. | <u>learning ladder</u><br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി ഒന്നെടുക്കുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകൻ. | |
| | <u>Mystery Hunt</u><br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ. | |

# Accademic Master Plan Sixth Standard English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്നു. | **Audio books**<br>Audio books കേൾക്കുന്നതിലൂടെ പുതിയ പദങ്ങൾ പരിചയപ്പെടുവാനും ആശയങ്ങൾ ഗ്രഹിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ. | |
| | **Short film**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികളുടെ ഷോർട്ട് ഫിലിം നിർമ്മിക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | P.T.A |

മേഖല: യു.പി മലയാളം അടിസ്ഥാന പാഠാവലി. ക്ലാസ്: VII.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സർഗാത്മക രചനകൾ വിശകലനം ചെയ്ത് അവയിലെ ആശയം, ആസ്വാദനാംശങ്ങൾ, രചനാരീതി തുടങ്ങിയവ കണ്ടെത്തി ചൊൽക്കാഴ്ച, പുസ്തകചർച്ച, ആസ്വാദനക്കുറിപ്പ് തുടങ്ങിയ വ്യവഹാരരൂപങ്ങൾ ആവിഷ്കരിക്കുക. | വ്യത്യസ്തങ്ങളായ രചനകൾ ശേഖരിച്ച് ചൊൽക്കാഴ്ച നടത്തുന്നു.<br>ഇഷ്ടമായ പുസ്തകങ്ങൾ ശേഖരിച്ച് പുസ്തകചർച്ചകൾ സംഘടിപ്പിക്കുന്നു. | ജൂൺ മാസം. | മലയാളം അധ്യാപകർ | |
| ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ, ആഘോഷം നാട്ടറിവുകൾ എന്നിവ മറ്റുള്ളവർക്കും അനുഭവവേദ്യമാകുന്ന രീതിയിൽ അവതരിപ്പിക്കുക. | നാട്ടറിവുകളെ കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്നു.<br>ആഘോഷങ്ങൾ ഉത്സവങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂലൈ മാസം. | മലയാളം, ഐ.ടി. അധ്യാപകർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക മേഖലയിൽ കൈവരിച്ച മികവുകളും നിലനിൽക്കുന്ന പ്രശ്നങ്ങളും കാർഷിക പാരമ്പര്യവും വിശകലനം ചെയ്ത് പ്രസംഗം തയ്യാറാക്കുക | തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് പ്രസംഗം തയ്യാറാക്കുന്നു. പ്രസംഗശൈലി, അംഗവിക്ഷേപങ്ങൾ, ശബ്ദവ്യതിയാനങ്ങൾ എന്നിവ ഉൾക്കൊണ്ട് പ്രസംഗം അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | മലയാളം. അധ്യാപകർ | |
| കഥ/കവിത എന്നിവ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. | കഥ/കവിത വായിച്ച്, ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ആസ്വാദനാംശങ്ങൾ, സ്വാഭിപ്രായം എന്നിവ ഉൾക്കൊള്ളിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | സെപ്റ്റംബർ | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സമ്പാദിത വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന നിവേദനങ്ങൾ തയ്യാറാക്കുക. | സാമൂഹിക പ്രശ്നങ്ങൾ എന്താണെന്ന് മനസിലാക്കുകയും പൊതുതാൽപര്യം സംരക്ഷിക്കുന്നതിന് സഹായകമായ ഭാഷ, ഘടന, വസ്തുത, ആവശ്യമായ വിവരങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് നിവേദനം തയ്യാറാക്കുന്നു. | ഒക്ടോബർ | അധ്യാപകർ | |
| ഗോത്ര വിഭാഗക്കാർ, തീരദേശവാസികൾ എന്നിവരുടെ ഭാഷാപ്രയോഗങ്ങൾ മനസിലാക്കുന്നു. | ഗോത്രവിഭാഗക്കാർ, തീരദേശവാസികൾ എന്നിവരുടെ ഭാഷാഭേദങ്ങൾ കണ്ടെത്തുകയും അവരുടെ ഭാഷാപ്രയോഗങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന മനോഭാവം രൂപപ്പെടുത്തുന്നു. | നവംബർ | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പ്രസംഗങ്ങൾ തയ്യാറാക്കുക.<br>വാർത്തകൾ തയ്യാറാക്കുക. | സമകാലീന സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങൾ വിശകലനം ചെയ്ത് പ്രസംഗങ്ങളും, വാർത്തകളും തയ്യാറാക്കുന്നു. | ഡിസംബർ | അധ്യാപകർ | |
| വിവരണം തയ്യാറാക്കുക. | സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ വായിച്ചും, വിശകലനം ചെയ്തും, ആശയസമഗ്രത, വസ്തുനിഷ്ഠത എന്നിവ പാലിച്ച് വിവരണങ്ങൾ തയ്യാറാക്കുന്നു. | ജനുവരി | " | |
| കാർട്ടൂൺ തയ്യാറാക്കുക. | സന്ദർഭങ്ങൾക്ക് അനുയോജ്യമായ വരകളും, വാക്കുകളും, ഭാവനാത്മകതയും, വിമർശനാത്മകം സംക്ഷിപ്തവുമായി കാർട്ടൂണുകൾ തയ്യാറാക്കുന്നു | ഫെബ്രുവരി | " | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതശാസ്ത്രം (യു.പി)

## ആമുഖം

ഗണിതക്രിയകൾ കൃത്യമായും, വേഗത്തിലും സൂക്ഷ്മതയോടെയും മനുഷ്യൻതന്നെ ചെയ്യേണ്ടിവരുന്ന ഒരു കാലഘട്ടത്തിൽ അത്തരം കഴിവുകൾ വളർത്തിയെടുക്കുക എന്നതായിരുന്നു ഗണിത പഠനത്തിന്റെ ലക്ഷ്യം. ഗണിത ക്രിയകൾ പരിശീലനത്തോടൊപ്പം ഇവയ്ക്കു പിന്നിലുള്ള യുക്തി കണ്ടെത്തുകയും പ്രധാനമാണ്. ഗണിത പ്രശ്നങ്ങളുടെ വിശകലനത്തെയും, പരിഹാരമാർഗങ്ങളെയും സംബന്ധിച്ച ഇത്തരം കാഴ്ചപ്പാടാണ് ഗണനചിന്തയിലേക്ക് നയിച്ചത്. ഗണിത ചിന്തയുടെയും, ഗണന ചിന്തയുടെയും പുതിയ സാധ്യതകൾ ഉൾപ്പെടുന്ന പഠനപ്രവർത്തനങ്ങൾ നാം ഉറപ്പിക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- ചതുഷ്ക്രിയകളിലെ ആശയങ്ങൾ ഉറപ്പിക്കൽ.
- ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിതപ്രശ്നങ്ങൾക്ക് പരിഹാരം കാണൽ
- ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനും, കൃത്യതയോടെയും, സൂക്ഷ്മതയോടെയും വരയ്ക്കാൻ ഉള്ള കഴിവ് നേടൽ
- പ്രായോഗിക ജീവിതത്തിലെ അളവുകളെയും, തൂക്കങ്ങളെയും മനസിലാക്കാനും ഉപകരണങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടൽ

- കഴിവ് പുലർത്തുന്ന കുട്ടികൾക്ക് അധികപരിശീലനത്തിലൂടെ ഉയർന്ന നിലവാരത്തിലെത്തിക്കൽ
- ഗണിതപഠനം ലളിതവും രസകരവും ആക്കുക
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു
- രക്ഷിതാക്കളുടെ പിന്തുണ ഗണിതപഠനത്തിൽ ഉറപ്പ് വരുത്തുന്നു.
- ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.
- കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റുകൾ നിർമ്മിക്കുകയും, ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | ചതുഷ്ക്രിയകൾ അറിയാത്ത കുട്ടികൾക്ക് വേണ്ടി പ്രത്യേകപരിശീലനം നൽകുന്നു | 2025 ജൂൺ | ഗണിത അധ്യാപകർ | SRG<br>ഗണിത അധ്യാപകർ |
| 2) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | • പ്രതിവാര ഗണിത ക്വിസ്<br>• ജിയോജിബ്ര പരിശീലനം | 2025 ജൂൺ മുതൽ ഡിസംബർ വരെ | ഗണിത അധ്യാപകർ | ഗണിതക്ലബ്ബ്. |
| 3. രസകരമായ ഗണിത ശാസ്ത്രപഠനവും രചനാശേഷിയുടെ വികാസവും ഉറപ്പു വരുത്തുക. | • ശിൽപശാല<br>• ഗണിതമേള | 2025 ജൂലൈ<br>2025 ആഗസ്ത്. | ഗണിതഅധ്യാപകർ<br>SRG | ഗണിതക്ലബ്ബ്. |
| 4. മികച്ച ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും, വളർത്തുന്നതിനും കഴിയുക. | • മെഗാ ക്വിസ്<br>• പസിൽ കോർണർ<br>• ഗണിത കൗതുകം | 2025 ജൂലൈ മുതൽ ജനുവരി വരെ | ഗണിതഅധ്യാപകർ | ഗണിതക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| 5. ഗണിതചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുക. | വിവിധ ഗണിത പഠനോപകരണങ്ങൾ ഉപയോഗപ്പെടുത്തിയും അല്ലാതെയും ഗണിതാശയങ്ങൾ ഉറപ്പിക്കുക | 2025 ജൂൺ മുതൽ | ഗണിതാധ്യാപകർ | പി.ടി.എ. |
| 6. ഗണിത സാഹിത്യ സൃഷ്ടികൾ നടത്താനും സ്വയം രചനകൾ നടത്തുവാനും കഴിയുക. | · ഗണിത മാഗസിൻ<br>· വായനാ കാർഡുകൾ<br>· നാട്ടറിവ് ശേഖരണം | 2025 ജൂൺ മുതൽ | ഗണിതാധ്യാപകർ | പി.ടി.എ. |
